"ഭരണഭാഷ - മാതൃഭാഷ"

നം:-**DGE/15320/2026-C1**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : **02-09-2026**

സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ തുടരുന്ന ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ് 01-01-2026 അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നത്-സംബന്ധിച്ച്.

സൂചന :- സർക്കാർ കത്ത് നമ്പർ സി4/146/2023/പൊ വി വ. തീയതി 05.07.2023.

പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ തസ്തികയിലും സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സംയോജിത സീനിയോരിറ്റി പട്ടിക തയ്യാറാക്കുന്നതിനും എല്ലാ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി പ്രസ്തുത സീനിയോരിറ്റി പട്ടിക പുതുക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സൂചന പ്രകാരം സർക്കാർ നിർദേശിച്ചിട്ടുണ്ട്.

പ്രസ്തുത സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ഡ്രൈവർ തസ്തികയിൽ നിലവിൽ ജോലി ചെയ്യുവരുന്ന ജീവനക്കാരുടെ സീനിയോരിറ്റി പട്ടിക 01.01.2026 പ്രാബല്യത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിരിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പിൽ ഡ്രൈവർ തസ്തികയിൽ നിലവിൽ ജോലി ചെയ്യുവരുന്ന എല്ലാ ജീവനക്കാരുടെയും സർവ്വീസ് കാർഡുകൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള മാതൃകയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 17-09-2026 മുൻപായി സമർപ്പിക്കേണ്ടതാണ്.

നിശ്ചിത തീയതിക്കുള്ളിൽ തങ്ങളുടെ കാര്യാലയത്തിൽ ലഭ്യമാകുന്ന സർവ്വീസ് കാർഡുകൾ ബന്ധപ്പെട്ട രേഖകളുമായി ഒത്തുനോക്കി സർവ്വീസ് കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും ശരിയാണ് എന്ന് ഉറപ്പുവരുത്തേണ്ടതും ആയതു സാക്ഷ്യപ്പെടുത്തി 26-09-2026 ന് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ജില്ലകളിലെ ഡ്രൈവർ തസ്തികയിൽ ജോലിയിൽ തുടരുന്ന മുഴുവൻ ജീവനക്കാരുടെയും

സർവ്വീസ് കാർഡ് സമർപ്പിച്ചിട്ടുണ്ട് എന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

Digitally signed by
RAJESH V S
Date: 02-09-2026
17:04:44

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്റ് (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

സ്വീകർത്താവ്:

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (ഔദ്യോഗിക വെബ് സൈറ്റ് മുഖേന)
3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

ഉള്ളടക്കം: സർവീസ് കാർഡ് മാതൃക

Service Card (Driver) in General Education Department as on 01.01.2026

1		Name	
2		Office	
3		Permanent Employee Number	
4		Date of Birth	
5		Date of entry in service	
6		PSC Advice Order No and Date	
	a.	Sl.No In PSC Advice	
	b.	Appointment order No and Date	
7		If Compassionate Employment, Government Order number and Date	
	a.	Appointment Order No. and date of the concerned DDE	
8		If Inter District Transfer/ Inter Department Transfer Order No. and date of the DDE	

I, Sri/Smt ……..…… do hereby declare that the particulars given above are true to the best of my knowledge and belief.

Place :

Date : Signature of the Employee

Counter Signature

DDE/Administrative Assistant